# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.34** — **26.02.2018-ൽ മറുപടിക്ക്**

## ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാത്ത നടപടി

**ചോദ്യം**

**ശ്രീ.എൽദോസ് പി.കുന്നപ്പിള്ളിൽ**
**,, എ.പി. അനിൽകുമാർ**
**,, ഹൈബി ഈഡൻ**
**,, വി.ഡി.സതീശൻ**

**ഉത്തരം**

**പിണറായി വിജയൻ**
**മുഖ്യമന്ത്രി**

| | | | |
|---|---|---|---|
| (എ) | പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലിരിക്കെ കരാർ അടിസ്ഥാനത്തിലും, ദിവസവേതാനാടിസ്ഥാനത്തിലും സർക്കാർ വകുപ്പുകളിൽ നിയമനം നടത്തുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | എ | ഇല്ല. |
| ബി) | ഒഴിവുകൾ പി.എസ്.സി.ക്ക് സമയബന്ധിതമായി റിപ്പോർട്ട് ചെയ്യണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ടോ; | ബി | 2018-ലെ പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് 16.08.2017-ലെ സർക്കുലർ നമ്പർ AdvC3/304/2017/ P&ARD മുഖേന എല്ലാ വകുപ്പദ്ധ്യക്ഷന്മാർക്കും നിയമനാധികാരികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. നിയമനം പി.എസ്.സി-ക്ക് വിട്ട സ്ഥാപനങ്ങളിൽ നിയമനം നടത്തുന്നതിനായി വിശേഷാൽ ചട്ടങ്ങൾ (സ്പെഷ്യൽ റൂൾസ്) സമയബന്ധിതമായി രൂപീകരിക്കുവാനും ഒഴിവുകൾ യഥാസമയം പി.എസ്.സിയെ അറിയിക്കുവാനും ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാർ അടിയന്തര നടപടി സ്വീകരിക്കുവാനുള്ള കർശന നിർദ്ദേശം 07.10.2017-ലെ ഉപസി1/222/17/ ഉഭപവ നമ്പർ സർക്കുലർ പ്രകാരം നൽകിയിരുന്നു. കാലാവധി പൂർത്തിയാകുന്ന എൽ.ഡി.സി.(വിവിധം) എൽ.ജി.എസ്.(വിവിധം) റാങ്ക് ലിസ്റ്റുകളിൽ നിന്ന് പരമാവധി നിയമനം നടത്തുന്നതിലേയ്ക്കായി മുഴുവൻ |

| | | | |
|---|---|---|---|
| | | | ഒഴിവുകളും ഉണ്ടാവുന്ന മുറയ്ക്ക് തന്നെ യാതൊരു കാലതാമസവും കൂടാതെ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് നിഷ്കർഷിച്ച് എല്ലാ വകുപ്പദ്ധ്യക്ഷന്മാർക്കും നിയമനാധികാരികൾക്കും 13.12.2017-ലെ ഉപസി3/428/17/ഉഭപവ സർക്കുലർ മുഖേന സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ഒഴിവുകൾ പി.എസ്.സി.യുടെ ഇ-വേക്കൻസി സോഫ്റ്റ് വെയർ മുഖാന്തിരം കൃത്യമായി റിപ്പോട്ട് ചെയ്യുവാൻ 20.12.2017-ലെ ഉപസി3/141/17/ഉഭപവ സർക്കുലർ മുഖേന സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുള്ളതാണ്. നിയമന പ്രക്രിയ ത്വരിതപ്പെടുത്തുന്നതിനായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ടതായ വിവിധ വകുപ്പുകളിലെ നിലവിലുള്ള എല്ലാ ഒഴിവുകളും, കമ്പനി/കോർപ്പറേഷൻ/ബോർഡ്/യൂണിവേഴ്സിറ്റികൾ/ സഹകരണ സ്ഥാപനങ്ങൾ എന്നിവയിലെ, നിയമനം പി.എസ്.സി.-ക്ക് വിട്ട തസ്തികകളിലെ എല്ലാ ഒഴിവുകളും അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പ മേധാവികൾക്കും നിയമനാധികാരികൾക്കും 07.02.2018-ലെ ഉപസി3/536/17/ഉഭപവ സർക്കുലർ മുഖേന സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| സി) | എങ്കിൽ പ്രസ്തുത നിർദ്ദേശം പാലിക്കാത്തതിന് ഏതെങ്കിലും വകുപ്പ് മേധാവികൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ? | സി | ഇല്ല. അച്ചടക്ക നടപടി സ്വീകരിക്കേണ്ട തരത്തിലുള്ള കേസുകൾ സർക്കാറിന്റെ പരിഗണനയിൽ വന്നിട്ടില്ല. |

സെക്ഷൻ ഓഫീസർ